51

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 OCTOBER 2023



# എംഎസ്എംഇ ഇൻഷുറൻസ് പദ്ധതി

## ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് നടപ്പാക്കുന്ന പദ്ധതി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. എംഎസ്എംഇ സംരംഭങ്ങൾ ഇൻഷുറൻസ് പരിരക്ഷയുടെ ഭാഗമാകേണ്ടത് പ്രധാനമാണെന്നും ഇതിനെക്കുറിച്ചുള്ള അവബോധം സംരംഭകരിലെത്തിക്കണമെന്നും ബഹു. മന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. ഇൻഷുറൻസ് പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ വെബ് പോർട്ടലിന്റെ (http://msmeinsurance.industry.kerala.gov.in) ഉദ്ഘാടനവും ബഹു. മന്ത്രി നിർവ്വഹിച്ചു.

നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്നീ പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളുമായിട്ടാണ് ഇൻഷുറൻസ് പരിരക്ഷ പദ്ധതിയുടെ ധാരണാപത്രം ഒപ്പു വച്ചത്. ഈ പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളിൽ നിന്ന് 2023 ഏപ്രിൽ ഒന്നിന് ശേഷമുള്ള കാലയളവിൽ ഉദ്യം സ്കീമിന് കീഴിൽ ഇൻഷുറൻസ് എടുത്തിട്ടുള്ള എംഎസ്എംഇകൾ ഈ പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരാണ്. എംഎസ്എംഇ നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പാക്കുന്നത്.

### എംഎസ്എംഇകൾ ഇൻഷുറൻസ് പരിരക്ഷയുടെ ഭാഗമാകേണ്ടത് പ്രധാനം




ഇൻഷുറൻസ് പരിരക്ഷ സംരംഭങ്ങൾക്ക് സംഭവിച്ചേക്കാവുന്ന നഷ്ടത്തിന്റെ ആഘാതം കുറയ്ക്കും. എംഎസ്എംഇകളെ വളർത്താനും വിപണി ശക്തിപ്പെടുത്താനും സംരംഭകരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കാനും വിപുലമായ ഇടപെടലാണ് സർക്കാരും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും നടത്തുന്നത്. എന്തെല്ലാം ആനുകൂല്യങ്ങളും പദ്ധതികളുമാണ് വ്യവസായ വാണിജ്യ വകുപ്പ് നൽകുന്നതെന്ന ധാരണയില്ലാത്ത നിരവധി സംരംഭകരുണ്ട്. അവർക്ക് ഈ അറിവുകൾ നൽകുന്നതിനായി സംരംഭകരുടെ വിപുലമായ യോഗം വിളിക്കുമെന്നും ബഹു. മന്ത്രി കുട്ടിച്ചേർത്തു.

സംസ്ഥാനത്തെ വ്യവസായിക അനുകൂല അന്തരീക്ഷം പോഷിപ്പിക്കാൻ ഇൻഷുറൻസ് പദ്ധതി സഹായകമാകുമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വ്യവസായ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്. പറഞ്ഞു. ഇൻഷുറൻസ് സാമ്പത്തിക പരിരക്ഷ നൽകുന്നതിലൂടെ എംഎസ്എംഇകളിൽ ആത്മവിശ്വാസം വളർത്താനും ബിസിനസ് വിപുലീകരിക്കാനും സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എംഎസ്എംഇകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചേക്കാവുന്ന അപ്രതീക്ഷിത നഷ്ടങ്ങളിൽ നിന്ന് വേഗത്തിൽ കരകയറാൻ ഇൻഷുറൻസ് പരിരക്ഷ സഹായിക്കുമെന്ന് സ്വാഗതം ആശംസിച്ച വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്. പറഞ്ഞു. ഓരോ മേഖലയിലും സമഗ്രമായി ഇടപെട്ട് സംരംഭകരുടെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള നയരൂപീകരണമാണ് വ്യവസായ വകുപ്പ് നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഒക്ടോബർ 12ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. രാജീവ് ജി., കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദീൻ, ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി ജയ ആർ. ധർമ്മപാലൻ, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി ജെന്നി പി. ജോൺ, നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി മിനി ജോർജ്ജ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് റീജണൽ മാനേജർ ശ്രീ. പ്രദീപ് മാത്യു എന്നിവർ സംബന്ധിച്ചു.

## കേരളീയത്തിൽ താരമാകാൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്

കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വ്യവസായ പ്രദർശന മേളയിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റേതായി ഒരുങ്ങുന്നത് നൂറ്റമ്പതോളം സ്റ്റാളുകൾ. 2023 നവംബർ ഒന്നു മുതൽ ഏഴു വരെ തിരുവനന്തപുരം നഗരം ആതിഥ്യമരുളുന്ന കേരളീയം ജനകീയോത്സവത്തിന്റെ ഭാഗമായാണ് നഗരത്തിലെ വിവിധ ഇടങ്ങളിൽ ട്രേഡ് ഫെയർ നടക്കുന്നത്.

പുത്തരിക്കണ്ടം മൈതാനം, ടാഗോർ തിയറ്റർ, കനകക്കുന്ന്, യൂണിവേഴ്സിറ്റി കോളജ്, എൽ. എം.എസ്. കോമ്പൗണ്ട്, സെൻട്രൽ സ്റ്റേഡിയം എന്നിങ്ങനെ ആറുവേദികളിലാണ് സർക്കാർ വകുപ്പുകളുടെ പ്രദർശനങ്ങൾ നടക്കുക.

കേരളീയത്തിന്റെ പ്രധാന 6 വേദികളിലൊന്നായ പുത്തരിക്കണ്ടം മൈതാനത്ത് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നൂറ്റമ്പതോളം സ്റ്റാളുകൾ ഉണ്ടാകും. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കായി 125 സ്റ്റാളുകളും, കേരളം സംസ്ഥാന ബാംബൂ മിഷനായി 25 സ്റ്റാളുകളുമാണ് മേളയിലുണ്ടാകുക. കൂടാതെ സ്വകാര്യ സംരംഭകർക്കായി മൂന്നു പ്രദർശനവേദികളിലായി അക്വേറിയം, ആഭരണങ്ങൾ, കളിപ്പാട്ടങ്ങൾ, ഗിഫ്റ്റുകൾ എന്നിവയുടെ പ്രദർശനവും വിൽപനയും ഉണ്ടാകും.



## കിൻഫ്ര സ്പൈസസ് പാർക്ക് ബഹു. മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

വ്യവസായ മേഖലക്കൊപ്പം കാർഷികരംഗത്തിനും വലിയ മുന്നേറ്റം ഉണ്ടാക്കാൻ ലക്ഷ്യമിടുന്ന കിൻഫ്ര സ്പൈസസ് പാർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. ഇടുക്കി ജില്ലയിലെ ആദ്യ ആധുനിക വ്യവസായ പാർക്കിന്റെ ആദ്യഘട്ടമാണ് 2023 ഒക്ടോബർ 14 ന് ഉദ്ഘാടനം ചെയ്തത്. സംരംഭകരുടെ വിശ്വാസം വിളിച്ചോതി പാർക്കിലെ 80 ശതമാനം സ്ഥലവും ഉദ്ഘാടന വേദിയിൽ തന്നെ മുഖ്യമന്ത്രിയിൽ നിന്ന് വിവിധ സംരംഭകർ ഏറ്റുവാങ്ങി. ഇവിടെ സുഗന്ധ വ്യഞ്ജന തൈലങ്ങൾ, കറിപൊടി മസാലകൾ, നിർജ്ജലീകരണം ചെയ്ത സുഗന്ധ വ്യഞ്ജനങ്ങൾ, സുഗന്ധവ്യഞ്ജന പൊടികൾ തുടങ്ങിയവ നിർമിക്കുന്ന സ്ഥാപനങ്ങളുടെ നിർമാണം വൈകാതെ ആരംഭിക്കും. വ്യവസായ മന്ത്രി ശ്രീ. പി. രാജീവ്. അധ്യക്ഷനായി. ജലവിഭവ മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ മുഖ്യാതിഥിയായി. എംഎൽഎ മാരായ ശ്രീ. എം. എം. മണി, ശ്രീ. ഡി. രാജ, ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ടി. ബിനു, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ. എ. എസ്.. കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, ജനറൽ മാനേജർ (പ്രോജക്ട്) ഡോ. ടി. ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

15 ഏക്കർ സ്ഥലത്താണ് പാർക്കിന്റെ ആദ്യഘട്ടം ഒരുക്കിയിട്ടുള്ളത്. ശേഷിക്കുന്ന 21 ഏക്കർ സ്ഥലത്ത് വ്യവസായങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യ നിർമാണം ഉടൻ ആരംഭിക്കും. രണ്ടുവർഷം മുമ്പാണ് പദ്ധതിക്ക് തറക്കല്ലിട്ടത്. ലക്ഷ്യമിട്ട സമയത്ത് പൂർത്തിയാക്കിയ ആദ്യഘട്ടത്തിന് പിന്നാലെ 9 മാസത്തിനകം രണ്ടാംഘട്ടവും പൂർത്തിയാക്കുമെന്നു വ്യവസായ മന്ത്രി ശ്രീ. പി. രാജീവ് അറിയിച്ചു. ഉദ്ഘാടന ചടങ്ങിൽ കളക്ടർ ശ്രീമതി ഷീബ ജോർജ്, എംഎസ്എ ജോയിന്റ് ഡയറക്ടർ ശ്രീ. ജി. എസ്. പ്രകാശ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബാബു, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷേർലി അഗസ്റ്റിൻ ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി സി. വി സുനിത സ്റ്റോക്ക് പഞ്ചായത്ത് അംഗം ശ്രീമതിഗ്ലോറി പൗലോസ്, മൈക്കിൾ എന്നിവരും പങ്കെടുത്തു.




## ഒരു സംരംഭകൻ പിറന്ന കഥ 04




പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി (പി.എം. എഫ്.എം.ഇ.) പ്രകാരം, ആലപ്പുഴ ജില്ലയിൽ കാനറാ ബാങ്ക് അമ്പലപ്പുഴ ശാഖയിൽ നിന്നും വായ്പ ലഭ്യമാക്കി ശ്രീമതി സുമി എന്ന വനിതാ സംരംഭകയുടെ ഉടമസ്ഥതയിലുള്ള ബിസ്മില്ലാഹ് (സിഎം) ഫുഡ്സ് എന്ന സ്ഥാപനം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ ശിശുവിഹാറിൽ ( 13/10/2023, വെള്ളിയാഴ്ച) പ്രവർത്തനം ആരംഭിച്ചു.

ബഹു. അമ്പലപ്പുഴ ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി ഷീബ രാകേഷ് ആണ് പുതു സംരംഭം ഉദ്ഘാടനം നിർവഹിച്ചത്. പി.എം. എഫ്.എം.ഇ. പദ്ധതി പ്രകാരം കാനറാ ബാങ്ക് അമ്പലപ്പുഴ ശാഖയിൽ നിന്നും 3,08,659 ലക്ഷം രൂപയാണ് ബാങ്ക് വായ്പയായി നേടിയത്. പൊറോട്ട, അരിപത്തിരി, ചപ്പാത്തി, നെയ്പത്തിരി, ഇലയട തുടങ്ങിയ ഭക്ഷണ വിഭവങ്ങൾ ആകും ഈ സംരംഭത്തിന് കീഴിൽ നാട്ടുകാർക്ക് മുന്നിലേക്കെത്തുക. പി.എം. എഫ്.എം.ഇ പദ്ധതിയുടെ കൈത്താങ്ങിലൂടെ ആരംഭിച്ച സ്ഥാപനത്തിലൂടെ 4 പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപന ഉടമ കൂടിയാണ് ഇനി മുതൽ ശ്രീമതി സുമി.


കേരളത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്ന
മലയാളത്തിന്റെ മഹോത്സവം
നവംബർ1 മുതൽ 07 വരെ
തിരുവനന്തപുരത്ത് 40 ൽ അധികം വേദികളിൽ
സെമിനാറുകൾ, എക്സിബിഷനുകൾ, ട്രേഡ് ഫെയറുകൾ, ഫുഡ് ഫെസ്റ്റിവെലുകൾ, ഫ്ളവർ ഷോ, കലാപരിപാടികൾ

കേരളീയം Keraleeyam

കേരളീയം 2023
നവംബർ 1 മുതൽ 7 വരെ
തിരുവനന്തപുരത്ത്
keraleeyam.kerala.gov.in



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.